"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ബഡ്ജറ്റ് പ്രവൃത്തി 2023-24- കണ്ണൂർ ജില്ല- ധർമ്മടം നിയോജകമണ്ഡലം- **'കടമ്പൂർ എഫ്.എച്ച്.സി കെട്ടിടം പൂർത്തീകരണം'** എന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ (ഡി.ബി)വകുപ്പ്**

സ.ഉ.(സാധാ) നം.163/2026/LSGD തീയതി,തിരുവനന്തപുരം, 20-01-2026

---

പരാമർശം:- 1. തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയറുടെ 23.10.2025 ലെ LSGD/PD/26771/2025-DB5 നമ്പർ കത്ത്

**ഉത്തരവ്**

2023-24 സാമ്പത്തികവർഷത്തിലേക്കുള്ള വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II- വാല്യം-II ക്രമ നം. 2267 ആയി 75 ലക്ഷം രൂപ അടങ്കൽ തുക കണക്കാക്കി, 15 ലക്ഷം രൂപ വകയിരുത്തിയ **'കടമ്പൂർ എഫ്.എച്ച്.സി കെട്ടിടം പൂർത്തീകരണം'** എന്ന പ്രവൃത്തിയ്ക്ക് നിബന്ധനകൾക്ക് വിധേയമായി 75 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകണമെന്ന് പരാമർശിത കത്ത് പ്രകാരം ചീഫ് എഞ്ചിനീയർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2023-24 സാമ്പത്തികവർഷത്തിലേക്കുള്ള വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II- വാല്യം-II ക്രമ നം. 2267 ആയി 75 ലക്ഷം രൂപയുടെ അടങ്കൽ തുകയും ആയതിന്റെ 20% തുകയും വകയിരുത്തി ഉൾപ്പെടുത്തിയിരിക്കുന്നതുമായ കണ്ണൂർ ജില്ലയിലെ കടമ്പൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്ന **'കടമ്പൂർ എഫ്.എച്ച്.സി കെട്ടിടം പൂർത്തീകരണം '** എന്ന പ്രവൃത്തിയ്ക്ക് ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി 75 ലക്ഷം രൂപയുടെ (എഴുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) ഭരണാനുമതി നൽകിയും, ടി പ്രവൃത്തിയ്ക്ക് ആവശ്യമായ ചെലവ് 4515-00-800-92(NP) എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനുള്ള അനുമതി നൽകിയും ഉത്തരവാകുന്നു.

**Remarks**

- The TS Authority shall confirm the strength and stability of the foundation of the existing building before taking up first floor.
- TS Authority has to ensure that the internal building layout and its space allocation shall be done in compliance to GO(P)No.17/2025/FIN dated 20/02/2025 regarding schedule of accommodation for public buildings

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം

2 ) സെക്രട്ടറി, ധർമ്മടം ഗ്രാമപഞ്ചായത്ത്, കണ്ണൂർ ജില്ല

3) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം

4) ധനകാര്യ വകുപ്പ് ( 3322454/DEV-3/309/2025 തീയതി 24.12.2025 ) AS/LGD/25/47879)

5) ചീഫ് മിഷൻ ഡയറക്ടർ , ഇൻഫർമേഷൻ കേരള മിഷൻ.

6) ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ & പി ആർ ഡി

7) കരുതൽ ഫയൽ (ഡി.ബി1/406/2025/എൽ.എസ്.ജി.ഡി)

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
Date: 21-01-2026 14:24:55

സെക്ഷൻ ഓഫീസർ